**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3119** **01-03-2023 - ൽ മറുപടിയ്ക്ക്**

**കുട്ടനാട്ടിൽ നിർമ്മാണത്തിലിരിക്കുന്ന പാലങ്ങളുടെ അപ്രോച്ച് റോഡുകളുടെ പൂർത്തീകരണം.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കുട്ടനാട്ടിൽ നിർമ്മാണത്തിലിരിക്കുന്ന പാലങ്ങളുടെ അപ്രോച്ച് റോഡുകൾക്കുള്ള സ്ഥലമേറ്റെടുക്കൽ നടപടി വേഗത്തിലാക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | ആലപ്പുഴ ജില്ലയിലെ കുട്ടനാട് നിയോജകമണ്ഡലത്തിൽ നിലവിൽ നിർമ്മാണം പുരോഗമിച്ചു വരുന്ന പ്രവൃത്തിയാണ് പടഹാരം പാലം നിർമ്മാണം. പ്രസ്തുത പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മാണത്തിന്റെ സ്ഥലമേറ്റെടുപ്പ് നടപടിയുമായി ബന്ധപ്പെട്ട് (ഭൂമി ഏറ്റെടുക്കുന്നതിനുള്ള നഷ്ടപരിഹാരത്തുക ഉൾപ്പെടെ) 2,38,15,243/- രൂപ കിഫ്ബിയിൽ നിന്നും അനുവദിച്ചിട്ടുണ്ട്. സ്ഥലമേറ്റെടുപ്പ് നടപടികൾ പൂർത്തീകരിച്ച് ഏറ്റെടുത്ത സ്ഥലം 25.02.2023 ന് കെ.ആർ.എഫ്.ബി - പി.എം.യു ആലപ്പുഴ ഡിവിഷന് കൈമാറിയിട്ടുണ്ട്. |
| (ബി) | നിർമ്മാണപ്രവൃത്തി നടന്നുവരുന്ന കുട്ടനാട്ടിലെ ഏതൊക്കെ പാലങ്ങളുടെ അപ്രോച്ച് റോഡുകൾക്കാണ് ഇനിയും സ്ഥലമേറ്റെടുക്കാനുള്ളതെന്ന വിശദാംശം ലഭ്യമാക്കുമോ; | (ബി) | (എ) പിരിവിന്റെ അതേ മറുപടി. |
| (സി) | പ്രസ്തുത സ്ഥലമേറ്റെടുക്കൽ നടപടികളുടെ നിലവിലെ അവസ്ഥ എന്തെന്ന് വ്യക്തമാക്കുമോ? | (സി) | (എ) പിരിവിന്റെ അതേ മറുപടി. |

സെക്ഷൻ ഓഫീസർ